"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- പുനർഗേഹം പദ്ധതി- കോഴിക്കോട് ജില്ലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി വ്യക്തിഗത ഫ്ലാറ്റ് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി- ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.895/2024/F&P തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം. 22/2021/F&P തീയതി 19.01.2022

2. സ.ഉ. (സാധാ) നം. 165/2022/F&P തീയതി 24.03.2022

3. ഫിഷറീസ് ഡയറക്ടറുടെ 15/07/2024-ലെ ഡി.എഫ്.ടി.വി.എം/2825/2021-എസ്1 പി.ഐ.യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുനർഗേഹം പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ വെസ്റ്റ് ഹില്ലിൽ ഫിഷറീസ് ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന ഭൂമിയിൽ 80 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 8 കോടി രൂപയുടെ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു . DSR 2018 നിലവിൽ വന്നതിനെ തുടർന്ന് ഭരണാനുമതി 13.54 കോടി രൂപയായി പരിഷ്ക്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

2) തുടർന്ന് നിർമ്മാണത്തിനായുള്ള സിവിൽ പ്രവൃത്തിക്ക് 1124.20 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് നൽകുകയും കരാറിൽ ഏർപ്പെട്ട് പ്രവർത്തി പുരോഗമിച്ചു വരികയുമാണ് .ഭരണാനുമതി നൽകിയത് പ്രകാരമുള്ള എസ്റ്റിമേറ്റിൽ GST 12% ആയിരുന്നുവെന്നും എന്നാൽ സാങ്കേതികാനുമതി എസ്റ്റിമേറ്റുകൾ 18% GST നിരക്കിലാണെന്നും ആയതിനാൽ 13.54 കോടി രൂപയുള്ള ഭരണാനുമതി 14.27 കോടി രൂപയ്ക്ക് പുതുക്കി നൽകുവാൻ ഫിഷറീസ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) ഭരണാനുമതി തുകയിൽ ഇലക്ട്രിഫിക്കേഷൻ 60 ലക്ഷം രൂപയും DG set 10 ലക്ഷം രൂപയും Lighting Protection System 7 ലക്ഷം രൂപയും (ആകെ 77 ലക്ഷം) ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ഇവയ്ക്ക് TS Estimate പ്രകാരം ആകെ 152.36 ലക്ഷം രൂപ വരുന്നുണ്ടെന്നും ആയത് സിവിൽ പ്രവൃത്തിയിലെ സേവിംഗ്സ് (Civil TS Amount-Civil Agreed PAC= 1124.20 lakhs - 1023.26 lakhs=100.94 lakhs) ഉപയോഗിച്ച് നടപ്പിലാക്കുന്നതിനും ഭരണാനുമതി പ്രകാരമുള്ള ഘടകങ്ങളുടെ ആകെ ചെലവ് ഭരണാനുമതി തുകയിൽ നിന്നും അധികരിക്കാതെ, സിവിൽ പ്രവൃത്തിയിലെ സേവിംഗ്സ് ഉപയോഗിച്ച് വൈദ്യുതീകരണ

പ്രവർത്തി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സാങ്കേതിക അനുമതിയിൽ വൈദ്യുതീകരണ പ്രവൃത്തിയ്ക്കായി ഭരണാനുമതി എസ്റ്റിമേറ്റിൽ **Lumpsum Provision** ആണ് നൽകിയിരുന്നതെന്നും എന്നാൽ അഞ്ചു നിലകളുള്ള ഫ്ലാറ്റാണ് നിർമ്മിക്കുന്നതെന്നതിനാൽ ഇതിന് ലിഫ്റ്റ് സൗകര്യം അനിവാര്യമാണെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ജനറേറ്ററും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതുണ്ടെന്നും ഇപ്രകാരം ജനറേറ്റർ ഉൾപ്പെടെ യഥാർത്ഥ ആവശ്യമനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഉണ്ടായ വർദ്ധനവും GST 12% ത്തിൽ നിന്നും 18.07.2022 മുതൽ 18% ആയി വർദ്ധിച്ചതും വൈദ്യുതീകരണത്തിന്റെ എസ്റ്റിമേറ്റ് തുക വർദ്ധിക്കുന്നതിന് കാരണമായി എന്നും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ വിശദീകരണം നൽകിയിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5)ആയതിനാൽ GST വർദ്ധനവ് പ്രകാരം ഭരണാനുമതി പരിഷ്ക്കരിക്കേണ്ടതും സാങ്കേതികാനുമതി പരിഷ്കരിക്കാൻ അനുമതി നൽകേണ്ടതും തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായതിനാലും, ഭരണാനുമതി തുക 14.27 കോടി രൂപയായി പരിഷ്ക്കരിച്ച് കൊണ്ടും ഭരണാനുമതി തുകയിൽ ആവശ്യത്തിന് നീക്കിയിരുപ്പ് ഉള്ളതിനാൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും പരിഗണിച്ച് ഘടക ചെലവ് പരിഷ്ക്കരിച്ചുമുള്ള ഉത്തരവും **(component price revision)** അപ്രകാരം സാങ്കേതികാനുമതി നൽകുന്നതിനുള്ള അനുമതിയും നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ വെസ്റ്റ് ഹില്ലിൽ ഫിഷറീസ് ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന ഭൂമിയിൽ 80 വ്യക്തിഗത ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് GST വർദ്ധനവ് പ്രകാരം 14.27 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയും , ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ 152.36 ലക്ഷം രൂപയുടെ TS എസ്റ്റിമേറ്റിന് താഴെ പറയുന്ന നിരീക്ഷണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അംഗീകാരം നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

a. The provisions given in the estimate are seen admissible and as per site requirements.
b. The electric room and supply systems are designed in such a way that to feed each flat from the electric room from an individual energy meter.
c. Separate grounding is provided for Building earth and Generator earth and Separate ELR is provided in each panel board to isolate each panel in case of earth fault.
d. Since the transformers, RMU and allied equipment will be installed by the KSEBL after the completion of LT works in the flat, an anticipated

lumpsum amount of 20,00,000/- is provided in the estimate.

e. The AS provision includes DG Set and Lightning Protection System.

f. Provision for Lifts are not included in this estimate.

g. Items for which DSR rates are not available, market rates are followed for preparing the estimate.

Remarks:

1. The Director of Fisheries shall ensure that the works proposed in the estimate shall satisfy the functional requirements as envisaged.

2. The competent authority shall ensure the admissibility of provisions included in the estimate with the site conditions.

3. The correctness of the rates adopted for observed data included in the estimates shall be ensured by the TS authority.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ (വനിതാ ശിശുക്ഷേമം) വകുപ്പ് (12/11/2024-ലെ 2885438/WCD-2/2024-FIN നമ്പർ കുറിപ്പ് പ്രകാരം)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ

Sabitha Shiju

Date: 20-12-2024 10:30:14